# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2463** 08.05.2017-ന് മറുപടിയ്ക്ക്

**<u>ഉള്ളൂർകടവ് പാലത്തിനായി സ്ഥലമേറ്റെടുക്കൽ</u>**

| ചോദ്യം<br>ശ്രീ.കെ.ദാസൻ | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊയിലാണ്ടി മണ്ഡലത്തിലെ പ്രധാന പാലം പദ്ധതിയായ ഉള്ളൂർകടവ് പാലത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പിൽ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;<br><br>(ബി) നേരത്തെ സ്ഥലമുടമകൾക്ക് പാരിതോഷികം അനുവദിച്ച സർക്കാർ ഉത്തരവനുസരിച്ച് കളക്ടേറ്റിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;<br><br>(സി) കളക്ടേറ്റിലും റവന്യൂ വകുപ്പിലും ഈ പാലത്തിന്റെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്; ഇത് സമയബന്ധിതമായി എപ്പോൾ പൂർത്തിയാക്കും;<br><br>(ഡി) ഉഭയ കക്ഷി ചർച്ചയിലൂടെ പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ കഴിയുമോ എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആ നിലയിൽ നടപടികൾക്ക് വേഗം കൂട്ടി പാലം നിർമ്മാണം യാഥാർത്ഥ്യമാക്കുമോ? | **<u>(എ) യും (ബി) യും (സി) യും (ഡി) യും</u>**<br><br>കോഴിക്കോട് ജില്ലയിൽ ഉള്ളൂർകടവ് പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിനായി ഉഭയകക്ഷി സമ്മതപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ ജില്ലാതല പർച്ചേസ് കമ്മിറ്റി കൂടുകയുണ്ടായി. പ്രസ്തുത കമ്മിറ്റി ശുപാർശ ചെയ്ത വില എസ്.എൽ.ഇ.സി അംഗീകരിച്ച് ഉത്തരവായെങ്കിലും നഷ്ടപരിഹാര തുക നൽകുന്നതിനാവശ്യമായ ഫണ്ട് യഥാ സമയം ലഭിക്കാത്തതിനാൽ എൽ.എ നടപടി 27/03/2015-ൽ കാലഹരണപ്പെട്ടു. തുടർന്ന് പുതിയ അർത്ഥന 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ സെക്ഷൻ 17(4) പ്രകാരം 20.08.2016-ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചെങ്കിലും 01/01/2014-ലെ എൽ.എ.ആർ. ആർ.ആക്ട്, 2013, എൽ.എ. ആർ.ആർ റൂൾസ്. 2015 എന്നിവ നിലവിൽ വന്നതിനാൽ പ്രസ്തുത നിയമത്തിലെ മാനദണ്ഡങ്ങൾക്ക് വിധേയമായ രേഖകൾ ഹാജരാക്കാതിരുന്നതിനാൽ ഭൂമി ഏറ്റെടുക്കാൻ സാധിച്ചില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ